LBRD-C3/132/2025-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിനും, ആയതിന്റെ സുഗമമായ പ്രവർത്തനത്തിന് ട്രേഡുകൾ ആരംഭിക്കുന്നതിനും, തസ്തികകൾ സൃഷ്ടിക്കുന്നതിനും, വാച്ച്മാൻ, സ്വീപ്പർ തസ്തികകളിൽ യഥാക്രമം KEXCON, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നിയമനം നടത്തുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(കൈ) നം.18/2026/LBR തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 08.07.2022-ലെ ഡി.റ്റി/5218/2019-ഐ4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിൽ പുതിയ നാല് ട്രേഡുകളോടുകൂടി സർക്കാർ തലത്തിൽ ഒരു പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിനായുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ഇതിലേയ്ക്ക് ആവശ്യമായ സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതുവരെ ഐ.ടി.ഐ യുടെ നടത്തിപ്പിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ താല്ക്കാലികമായി ഒരുക്കി നല്കാമെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പ് നല്കിയിട്ടുള്ളതായും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിനായി ഉപകരണ സംഭരണത്തിന് ഒറ്റ തവണയായും, എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇനത്തിൽ വാർഷികാടിസ്ഥാനത്തിലും ആവശ്യമായ തുകകൾ യഥാക്രമം 2230-03-101-80-Setting up of new ITIs (Plan) എന്ന ശീർഷകത്തിൽ നിന്നും, 2230-03-101-99-00-01-Salaries എന്ന നോൺപ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന 4 ട്രേഡുകളോടുകൂടി ഒരു പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ട്രേഡുകൾ**

| [illegible] | [illegible] | [illegible] | [illegible] |
| --- | --- | --- | --- |

| ക്രമ നം. | ട്രേഡ് | യൂണിറ്റുകളുടെ എണ്ണം | കാലാവധി |
|---|---|---|---|
| 1 | ഫിറ്റർ | 2 (1+1) | 2 വർഷം |
| 2 | വെൽഡർ | 2 (1+1) | 1 വർഷം |
| 3 | മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് | 2 (1+1) | 1 വർഷം |
| 4 | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 (1+1) | 1 വർഷം |

3) പ്രസ്തുത ഐ.ടി.ഐയുടെ സുഗമമായ നടത്തിപ്പിനായി ചുവടെപ്പറയും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ച് നൽകിക്കൊണ്ടും ഉത്തരവാകുന്നു.

**<u>തസ്തികകൾ</u>**

| ക്രമ നം. | തസ്തിക | ശമ്പള നിരക്ക് | എണ്ണം |
|---|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ് II | 59300-120900 | 1 |
| 2 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 45300-95600 | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 43400-91200 | 1 |
| 4 | ജൂനിയർ ഇൻസ്ട്രക്ടർ | 37400-79000 | 8 |
| 5 | ക്ലർക്ക് | 26500-60700 | 2 |
| 6 | ടൈപ്പിസ്റ്റ് | 26500-60700 | 1 |
| 7 | എൽ.ഡി. സ്റ്റോർകീപ്പർ | 26500-60700 | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 23000-50200 | 1 |
| | ആകെ | | 16 |

4) കൂടാതെ പ്രസ്തുത ഐ.ടി.ഐ-യിൽ വാച്ച്മാൻ (2 എണ്ണം) നിയമനം KEXCON

വഴിയും, സ്വീപ്പർ (2 എണ്ണം) നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നടത്തേണ്ടതാണ്.

5) പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിനായി ഉപകരണ സംഭരണത്തിന് ഒറ്റത്തവണയായും, എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇനത്തിൽ വാർഷികാടിസ്ഥാനത്തിലും ആവശ്യമായ തുകകൾ യഥാക്രമം 2230-03-101-80-Setting up of new ITIs (Plan) എന്ന ശീർഷകത്തിൽ നിന്നും, 2230-03-101-99-00-01-Salaries എന്ന നോൺപ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (21.02.2026-ലെ 3327519/LBR-1/266/2025-FIN പ്രകാരം)
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3958 തീയതി: 13.03.2026 )
5. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 14-03-2026 15:43:51
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. സി3/132/2025/തൊഴിൽ. ഇനം നം: 3958

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് പുതിയ സർക്കാർ ഐ.ടി.ഐ. ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം

(1), (2), (3) അംഗീകരിച്ചു.

(4). വാച്ച്മാൻ നിയമനം കെക്സ്കോൺ വഴിയും, സ്വീപ്പർ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നടത്തേണ്ടതാണെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

3958

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : സി3/132/2025/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. | വിഷയം | : തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 11/03/2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി എൻ.കെ.ചന്ദ്ര |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീ ഷാനവാസ് എസ് |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 13/03/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 13/03/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ വി.ശിവൻകുട്ടി |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 13/03/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 13/03/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : 13/03/2026 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : സ.ഉ.(സാധാ) നം. 18/2026/LBR തീയതി. 14/03/2026 |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു. ഇതിനായി സ്ഥിരമായി കെട്ടിടം നിർമ്മിക്കുന്നത് വരെ നെടുമങ്ങാട് നഗരസഭയിലെ മുത്താംകോണം കമ്മ്യൂണിറ്റി ഹാളിൽ താൽക്കാലികമായി 4 ട്രേഡുകളോട് കൂടി ഐ.ടി.ഐ ആരംഭിക്കാവുന്നതാണ് എന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്. ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നൽകാമെന്ന മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ അനുവദിച്ച് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനായി പുതിയ സ്ഥലം കണ്ടെത്തി നൽകാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലും, ഏറ്റവും അടുത്ത ഐ.ടി.ഐ ആയ ആര്യനാട് സർക്കാർ ഐ.ടി.ഐ യിൽ പൊതു വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പരിമിതമായ സീറ്റുകൾ മാത്രം ഉള്ളതിനാലും പുതിയ ഐ.ടി.ഐ ആരംഭിക്കുന്നത് ഉചിതമായിരിക്കും എന്ന് ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ കത്തും തീരുമാനവും പ്രകാരം നഗരസഭയുടെ മുത്താംകോണം കമ്മ്യൂണിറ്റി ഹാളിൽ താൽക്കാലികമായി ഐ.ടി.ഐ ആരംഭിക്കാം എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും കെട്ടിടത്തിന്റെ രണ്ടു നിലകളിലായി 143.82 M2, 130.37 M2, 12.22 M2, (2 എണ്ണം) & 13.45 M2 എന്നിങ്ങനെയുള്ള അഞ്ച് റൂം/ഹാൾ ആണുള്ളത്. ക്ലാസ്സുകൾ തുടങ്ങുന്ന മുറയ്ക്ക് മറ്റാവശ്യമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും നഗരസഭ ഒരുക്കിത്തരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4) നഗരസഭയുടെ 25-10-2020 ലെ തീരുമാനപ്രകാരം Mechanic (Motor Vehicle), Welder, COPA and Multimedia Animation & Special Effect എന്നീ ട്രേഡുകൾ ഉൾപ്പെടുത്തി ഐ.ടി.ഐ തുടങ്ങണമെന്നാണ് ശിപാർശ

ചെയ്തിട്ടുള്ളത്. എന്നാൽ നിലവിൽ മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ) ട്രേഡ് തുടങ്ങുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ കുറവായതിനാൽ പകരം ഫിറ്റർ ട്രേഡ് തുടങ്ങാവുന്നതും സ്ഥലവും കെട്ടിടവും സ്ഥിരമായി ലഭ്യമായതിനുശേഷം എം.എം.വി ട്രേഡ് ഉൾപ്പെടെയുള്ള മറ്റ് ട്രേഡുകൾ ആരംഭിച്ചാൽ മതിയാകും എന്നും ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നെടുമങ്ങാട് സർക്കാർ ഐ.ടി.ഐ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുള്ള സ്ഥലം സംബന്ധിച്ച്**

| ക്രമ നം. | വിവരങ്ങൾ | |
|---|---|---|
| 1 | ജില്ല | തിരുവനന്തപുരം |
| 2 | താലൂക്ക് | നെടുമങ്ങാട് |
| 3 | വില്ലേജ് | കരിപ്പൂർ |
| 4 | മുനിസിപ്പാലിറ്റി | നെടുമങ്ങാട് |

**നിലവിൽ ആരംഭിക്കാൻ സ്ഥലം ലഭ്യമായ ട്രേഡുകൾ.**

| ക്രമ നം. | ട്രേഡ് | യൂണിറ്റുകളുടെ എണ്ണം | പരിശീലന ദൈർഘ്യം (വർഷം) |
|---|---|---|---|
| 1 | ഫിറ്റർ | 2 (1+1) | 2 |
| 2 | വെൽഡർ | 2 (1+1) | 1 |
| 3 | മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് | 2 (1+1) | 1 |
| 4 | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 (1+1) | 1 |

**ഐ.ടി.ഐയുടെ സുഗമമായ പ്രവർത്തനത്തിന് അവശ്യം വേണ്ടതും ഒഴിവാക്കാൻ കഴിയാത്തതുമായ തസ്തികകളുടെ വിവരം**

| ക്രമ നം. | തസ്തിക | ശമ്പള നിരക്ക് | എണ്ണം |
|---|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ് II | 59300-120900 | 1 |
| 2 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 45300-95600 | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 43400-91200 | 1 |
| 4 | ജൂനിയർ ഇൻസ്ട്രക്ടർ | 37400-79000 | 8 |
| 5 | ക്ലർക്ക് | 26500-60700 | 2 |
| 6 | ടൈപ്പിസ്റ്റ് | 26500-60700 | 1 |
| 7 | എൽ.ഡി. സ്റ്റോർകീപ്പർ | 26500-60700 | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 23000-50200 | 1 |
| | ആകെ | | 16 |

**ഇത് കൂടാതെ താഴെപ്പറയുന്ന തസ്തികകൾ കുടുംബശ്രീ, കെൽട്രോൺ തുടങ്ങിയ ഏജൻസികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതുണ്ട്.**

| ക്രമ നം. | തസ്തികകൾ | എണ്ണം | ശമ്പളം |
|---|---|---|---|
| 1. | വാച്ച്മാൻ | 2 | 20280 |
| 2. | സ്വീപ്പർ | 2 | 8000 |

5) ഓഫീസ് ഫർണിച്ചർ, ക്ലാസ് റൂം ഫർണിച്ചർ എന്നിവയ്ക്കാവശ്യമായ ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുന്നതാണ്.

## തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ സാമ്പത്തിക ചെലവ്

| ക്രമ നം. | തസ്തിക | എണ്ണം | ശമ്പള നിരക്ക് | ഘടകങ്ങൾ (Pay+DA+HRA) | ആകെ | ഒരു വർഷത്തേക്കുള്ള സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ് II | 1 | 59300-120900 | 59300+20755+3558 | 83613 | 1003356 |
| 2 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 1 | 45300-95600 | 45300+15855+2718 | 63873 | 766476 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 | 43400-91200 | 43400+15190+2604 | 61194 | 734328 |
| 4 | ജൂനിയർ ഇൻസ്ട്രക്ടർ | 8 | 37400-79000 | 37400+13090+2244 | 52734 | 52734x8=421872 x 12=5062464 |
| 5 | ക്ലാർക്ക് | 2 | 26500-60700 | 26500+9275+1590 | 37365 | 37365 x2=74730 x12=896760 |
| 6 | ടൈപ്പിസ്റ്റ് | 1 | 26500-60700 | 26500+9275+1590 | 37365 | 448380 |
| 7 | എൽ.ഡി. സ്റ്റോർകീപ്പർ | 1 | 26500-60700 | 26500+9275+1590 | 37365 | 448380 |
| 8 | ഓഫീസ് അറ്റൻഡന്റ് | 1 | 23000-50200 | 23000+8050+1380 | 32430 | 389160 |
|  | ആകെ |  |  |  |  | 97,49,304 |

**ടി സ്ഥാപനത്തിൽ വാച്ച്മാൻ, സ്വീപ്പർ എന്നീ തസ്തികകൾ കുടുംബശ്രീ, കെക്സ്കോൺ തുടങ്ങിയ ഏജൻസികളിൽ നിന്നും നിയമിക്കുന്നതിന് വേണ്ടി വരുന്ന സാമ്പത്തിക ബാധ്യത**

| ക്രമ നം. | തസ്തികകൾ | ആകെ എണ്ണം | ശമ്പളം | ഒരു വർഷത്തേക്ക് വേണ്ടി വരുന്ന ചെലവ് |
|---|---|---|---|---|
| 1. | വാച്ച്മാൻ | 2 | 20280 | 20280 x2 x12=486720 |
| 2. | സ്വീപ്പർ | 2 | 8000 | 8000 x2 x 12=192000 |
| | **ആകെ** | | | **6,78,720** |

**ട്രേഡുകൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക വിശകലനം**

| ക്രമ നം. | ട്രേഡ് | യൂണിറ്റുകളുടെ എണ്ണം | കാലാവധി | തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഫിറ്റർ | 2 (1+1) | 2 വർഷം | 27 |
| 2 | വെൽഡർ | 2 (1+1) | 1 വർഷം | 84 |
| 3 | മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് | 2 (1+1) | 1 വർഷം | 24.58 |
| 4 | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 (1+1) | 1 വർഷം | 26 |
| | ആകെ | | | 161.58 |

**കൺസോളിഡേറ്റഡ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്**

| ക്രമ നം. | വിവരങ്ങൾ | തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 1 | ഉപകരണ സംഭരണം | 161.58 | ഒറ്റത്തവണ |
| 2 | എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് | 104.28 | ആവർത്തനം |
| 3 | ഓഫീസ്/ക്ലാസ്റ്റം ഫർണിച്ചർ | | ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കുന്നതാണ്. |
| | ആകെ | 265.86 | |

6) ഉപകരണ സംഭരണത്തിന് ആവശ്യമായ തുക 2230-03-101-80-Setting up of new ITIs (Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റിനാവശ്യമായ തുക 2230-03-101-99-00-01-Salaries എന്ന നോൺപ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7) മേൽശിപാർശയിന്മേൽ ധനകാര്യ വകുപ്പ് താഴെപ്പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ശിപാർശകൾ അംഗീകരിക്കാൻ നിർവ്വാഹമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

8) തിരുവനന്തപുരം ജില്ലയുടെ മലയോരമേഖലയായ നെടുമങ്ങാട് തൊഴിലന്വേഷകരായ യുവാക്കൾക്ക് സാങ്കേതിക നൈപുണ്യം പകർന്നുനൽകുന്നതിനായി ഒരു പുതിയ ഐ.ടി.ഐ. ആരംഭിക്കേണ്ടത്

അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യ വികസനവും ഒരു ഭരണകൂടത്തിന്റെ പ്രാഥമിക ഉത്തരവാദിത്തമാണ്. ഇതിനെ കേവലം ഒരു 'ചെലവ്' ആയി കാണാതെ ഭാവിയിലേക്കുള്ള 'നിക്ഷേപം' ആയി കാണേണ്ടതുണ്ട്. സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്ന യുവത സ്വന്തമായി തൊഴിൽ കണ്ടെത്തുകയോ വ്യവസായ സംരംഭങ്ങൾ തുടങ്ങുകയോ ചെയ്യുമ്പോൾ അത് നാടിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ ഗുണപരമായി സ്വാധീനം ചെലുത്തും. ആധുനിക കാലഘട്ടത്തിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ (Skilled Labour) കുറവ് വ്യവസായ മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. സർക്കാർ മേഖലയിൽ കൂടുതൽ ഐ.ടി.ഐ.കൾ ആരംഭിക്കുന്നത് വഴി സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചിലവിൽ മികച്ച സാങ്കേതിക വിദ്യാഭ്യാസം ഉറപ്പാക്കാൻ സാധിക്കും.

9) നെടുമങ്ങാടിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഈ ഐ.ടി.ഐ. അനിവാര്യമാണ്. അതിനാൽ, ധനകാര്യ വകുപ്പ് ഉന്നയിച്ച സാമ്പത്തിക തടസ്സവാദങ്ങൾ മറികടന്ന് ഒരു പ്രത്യേക കേസായി പരിഗണിച്ച്, പൊതുതാൽപ്പര്യം മുൻനിർത്തി ഈ പദ്ധതിക്ക് അടിയന്തിരമായി അനുമതി നൽകുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി.

10) സർക്കാർ തലത്തിൽ പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനം, ഉപകരണ സജ്ജീകരണം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയാണ് സാധാരണ പ്രതീക്ഷിക്കുന്ന ചെലവുകൾ. ഐ.ടി.ഐ ആരംഭിക്കുന്നതിന് പ്രാഥമിക ഘട്ടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ താത്കാലികമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഉപകരണ സജ്ജീകരണത്തിനായി ഒറ്റത്തവണ മാത്രമാണ് ചെലവ് വരുന്നത്. ഈ ഇനത്തിൽ 161.58 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ തസ്തിക സൃഷ്ടിക്കൽ ആവശ്യമായി വരും. ഇക്കാര്യത്തിൽ പ്രതിവർഷം 104.28 ലക്ഷം രൂപ

ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. സർക്കാരിന്റെ ബജറ്റ് വിഹിതം ലഭ്യമാക്കി മാത്രമേ ഉപകരണ സജ്ജീകരണവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ.

11) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് സർക്കാർതലത്തിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

1) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി പ്രതിവർഷം 104.28 ലക്ഷം രൂപയും, ഉപകരണ സംഭരണത്തിനായി ഒറ്റത്തവണ ചെലവ് 161.58 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്ന വിധം, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകാമോ ?

2) പ്രസ്തുത ഐ.ടി.ഐയുടെ സുഗമമായ നടത്തിപ്പിനായി ചുവടെപ്പറയുംപ്രകാരമുള്ള ട്രേഡുകൾ ആരംഭിക്കാവുന്നതാണോ?

| ക്രമ നം. | ട്രേഡ് | യൂണിറ്റുകളുടെ എണ്ണം | കാലാവധി |
|---|---|---|---|
| 1 | ഫിറ്റർ | 2 (1+1) | 2 വർഷം |
| 2 | വെൽഡർ | 2 (1+1) | 1 വർഷം |
| 3 | മൾട്ടിമീഡിയ ആനിമേഷൻ & സ്പെഷ്യൽ ഇഫക്ട്സ് | 2 (1+1) | 1 വർഷം |
| 4 | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 (1+1) | 1 വർഷം |

3) പ്രസ്തുത ഐ.ടി.ഐ-യിൽ ചുവടെപ്പറയുന്ന തസ്തികൾ സൃഷ്ടിക്കാവുന്നതാണോ ?

| ക്രമ നം. | തസ്തിക | ശമ്പള നിരക്ക് | എണ്ണം |
|---|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ് II | 59300-120900 | 1 |
| 2 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 45300-95600 | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 43400-91200 | 1 |
| 4 | ജൂനിയർ ഇൻസ്ട്രക്ടർ | 37400-79000 | 8 |
| 5 | ക്ലർക്ക് | 26500-60700 | 2 |
| 6 | ടൈപ്പിസ്റ്റ് | 26500-60700 | 1 |
| 7 | എൽ.ഡി. സ്റ്റോർകീപ്പർ | 26500-60700 | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 23000-50200 | 1 |
| | ആകെ | | 16 |

4) പ്രസ്തുത ഐ.ടി.ഐ-യിൽ ചുവടെപ്പറയുന്ന തസ്തികകളിൽ കുടുംബശ്രീ, കെക്സോൺ തുടങ്ങിയ ഏജൻസികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകാവുന്നതാണോ?

| ക്രമ നം. | തസ്തികകൾ | എണ്ണം | ശമ്പളം |
|---|---|---|---|
| 1. | വാച്ച്മാൻ | 2 | 20280 |
| 2. | സ്വീപ്പർ | 2 | 8000 |